**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1074** | | | **30.09.2016-ൽ മറുപടിയ്ക്ക്** |
|---|---|---|---|
| **മാലിന്യ നിർമ്മാർജ്ജനം** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | കൊച്ചി നഗരത്തിലും പരിസരപ്രദേശങ്ങളിലും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമായി നടക്കാത്തതിനാൽ ദിനംപ്രതി രൂക്ഷമായിക്കൊണ്ടിരിക്കുന്ന കൊതുകുശല്യം നിയന്ത്രിക്കാൻ കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | കൊച്ചി നഗരസഭ പ്രദേശത്ത് കൊതുക് നശീകരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾ നടത്തി വരുന്നു.<br>1) Temephose എന്ന Bio-Larvicide ഉപയോഗിച്ചുളള മരുന്ന് തളിക്കൽ ആഴ്ചയിലൊരിക്കൽ ഒരേ സ്ഥലത്ത് നടത്തുന്നു. വിവിധ എ.എം.എം തൊഴിലാളികളെ ഉപയോഗിച്ചാണ് ഈ പ്രവൃത്തി ചെയ്യുന്നത്.<br>2) ദിവസവും രാവിലെയും, വൈകിട്ടും വിവിധ ഡിവിഷനുകളിൽ ഫോഗിംഗ് നടത്തി വരുന്നു.<br>3) കാനകളിൽ മലിനജലം കെട്ടിനിൽക്കുന്നത് ഒഴിവാക്കുന്നതിനായി നഗരസഭ തൊഴിലാളികളെ ഉപയോഗിച്ച് കാനകൾ വൃത്തിയാക്കുകയും, നീരൊഴുക്ക് സുഗമമാക്കുകയും ചെയ്തുവരുന്നു.<br>4) മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നത് ഒഴിവാക്കുന്നതിനായി ഖരമാലിന്യ ശേഖരണവും സംസ്കരണവും കൂടുതൽ കാര്യക്ഷമായി നടത്തി വരുന്നു.<br>5) നഗരസഭാ പ്രദേശത്ത് വീടുകളിലെ സെപ്റ്റിക് ടാങ്കുകൾ പൊട്ടിയിരിക്കുന്നത് പരിശോധിച്ച് വിള്ളലുകൾ അടയ്ക്കുന്ന തിനുളള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുളളതാണ്.<br>6) സെപ്റ്റിക് ടാങ്കിന്റെ വെന്റ് പൈപ്പിൽ കെട്ടുന്നതിനുളള നെറ്റുകൾ നഗരസഭ വിതരണം ചെയ്തിട്ടുണ്ട്.<br>7) കൊതുകുകളുടെ ഉറവിട നശീകരണത്തിന്റെ ഭാഗമായി ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആയി ആചരിക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>8) കൊതുകുനശീകരണ പ്രവർത്തനങ്ങളെ കുറിച്ചുളള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിൽ നോട്ടീസ് വിതരണം ഉൾപ്പെടെയുളള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>9) കൊതുക് നശീകരണ തൊഴിലാളികളുടെ അപര്യാപ്തത മൂലം 74 ഡിവിഷനുകളിലേയ്ക്കും രണ്ട് തൊഴിലാളികളെ വീതം ദിവസ വേതന അടിസ്ഥാനത്തിൽ കഴിഞ്ഞ 5 വർഷമായി നിയോഗിച്ച കൊതുകു നശീകരണ പ്രവർത്തനം ഊർജ്ജിതമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ